370/est/19

"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. ഇ.21/11600/2018/സിഇ/എൽ.എസ്.ജി.ഡി    തീയതി: 29/12/2018

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – സാങ്കേതിക വിഭാഗം – അനധികൃത നിർമ്മാണം തടയുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 21/08/2018 ലെ സ.ഉ. നം. 148/ഇ.ഡബ്ല്യു.1/2018/തസ്വഭവ

******

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട കൂടുതൽ പരാതികൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്നു എന്ന കണ്ടെത്തലിനെ തുടർന്ന് സംസ്ഥാന വ്യാപകമായി 04/03/2017 ൽ മിന്നൽ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും പെർമിറ്റ് ലഭിച്ച ശേഷം നിർമ്മാണം ആരംഭിക്കുന്ന ഹൈ റൈസ് ബിൽഡിംഗ് (16 മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ), വൻ തുക ചിലവഴിച്ചുള്ള മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവ പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും (ഫ്ലോർ വൈസ് കൺസ്ട്രക്ഷൻ) എഞ്ചിനീയർമാർ/ഓവർസീയർ പരിശോധിച്ച് നിയമപരമാണോ എന്ന് ഉറപ്പു വരുത്തേണ്ടതും, ആയത് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്. ടി രജിസ്റ്ററിൽ നിർമ്മാണ പ്രവർത്തിയുടെ പേര്, സ്ഥലം, സർവ്വേ നമ്പർ, പെർമിറ്റ് നമ്പർ തീയതി, പെർമിറ്റിന്റെ കാലാവധി, പരിശോധന നടത്തിയ തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ടി നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിലുള്ള ഉദ്യോഗസ്ഥർ കൃത്യമായും പാലിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

എൻ.പി/-